# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ക്രിസ്മസ് പരീക്ഷ 2018-2019

| | |
|---|---|
| **ക്ലാസ്സ് : X** | **സമയം : 2 മണിക്കൂർ** |
| **തീയതി : 09-12-2018** | **മാർക്ക് : 70** |

---

**ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **5**

1. ദൈവവചനത്തിന്റെ കാതൽ.
(വിശ്വാസം, പ്രത്യാശ, സ്നേഹം)

2. സ്നേഹത്തിലൂടെ പ്രവർത്തന നിരതമാകുന്ന വിശ്വാസമാണ് സുപ്രധാനം എന്ന് ഉദ്ബോധിപ്പിച്ച ശ്ലീഹ.
(വി. പൗലോസ്, വി. പത്രോസ്, വി. യോഹന്നാൻ)

3. ആവശ്യക്കാരന് നേരെ കണ്ണടക്കുന്നത് നരകത്തിനർഹമാക്കുന്ന പാപമാണെന്ന് പഠിപ്പിക്കുന്ന ഉപമ.
(ധനവാന്റെയും ലാസറിന്റെയും ഉപമ, നല്ല സമരിയാക്കാരന്റെ ഉപമ, ധൂർത്തപുത്രന്റെ ഉപമ)

4. “മനുഷ്യവംശത്തിന്റെ പൊതുനന്മയും ഐക്യദാർഢ്യവും വളർത്തുന്ന വിധത്തിലേ ഇന്റർനെറ്റ് ഉപയോഗിക്കാവൂ” എന്ന് പഠിപ്പിക്കുന്ന രേഖ.
(സഭയും ഇന്റർനെറ്റും, ഇന്റർനെറ്റിലെ ധാർമ്മികത, റേരും നൊവാരും)

5. മാർത്തോമ്മാശ്ലീഹായുടെ സുവിശേഷപ്രഘോഷണഫലമായി കേരളത്തിൽ രൂപപ്പെട്ട ക്രൈസ്തവ സമൂഹം ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?
(മാർത്തോമ്മാ നസ്രാണികൾ, നസ്രാണി സമൂഹം, കേരള സഭ)

**പൂരിപ്പിക്കുക** **5**

6. ഓരോ ക്രിസ്ത്യാനിയുടേയും ഒന്നാമത്തെ മിഷൻപ്രവർത്തനം .................... ആണ്.

7. ഈശോ നല്കിയ രക്ഷ ..................ൽ നിന്നുള്ള ആത്മാവിന്റെ മോചനം മാത്രമല്ല, മനുഷ്യന്റെ സമഗ്രവിമോചനമാണ്.

8. സുവിശേഷപ്രഘോഷണം യഥാർത്ഥത്തിൽ സഭയുടെ ......ഉം കടമയുമാണ്.

9. ഈശോ നൽകിയ മാതൃകയും പ്രബോധനങ്ങളുമാണ് സഭയുടെ ................ പ്രവർത്തനങ്ങളുടെ അടിസ്ഥാനം.

10. വി. പൗലോസ് ശ്ലീഹായുടെ പ്രബോധനമനുസരിച്ച് മാമ്മോദീസ സ്വീകരിച്ച എല്ലാവരും .................. ആണ്.

**പേരെഴുതുക** **5**

11. "അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ വിശക്കുന്നവന്റെയും വസ്ത്രം നഗ്നന്റെയും പാദുകങ്ങൾ നിഷ്പാദുകന്റേതുമാണ്" എന്ന് പഠിപ്പിച്ചതാര്?

12. പരിസ്ഥിതിയുടെ മധ്യസ്ഥൻ?

13. ഗർഭസ്ഥ ശിശുവിനെ രക്ഷിക്കാനായി ജീവൻ വെടിഞ്ഞ വിശുദ്ധ.

14. "പ്രാർത്ഥിക്കുന്ന അമ്മ" എന്നറിയപ്പെടുന്ന വിശുദ്ധയാര്?

15. "സമർപ്പിത ജീവിതം" എന്ന അപ്പസ്തോലിക പ്രബോധനം എഴുതിയതാര്?

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

16. പൗരസ്ത്യതിരുസംഘത്തിന്റെ അധ്യക്ഷൻ?

17. ക്രിസ്തുരാജന്റെ തിരുനാൾ ആരംഭിച്ച മാർപാപ്പ?

18. ബൈബിളിലെ ഗ്രന്ഥങ്ങൾ കാനോനികമാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ച സുനഹദോസ്?

19. പരിശുദ്ധ കന്യകാമറിയം സഭയുടെ മാതാവാണെന്ന് വിശേഷിപ്പിച്ച മാർപാപ്പ?

20. 2018-2019 വർഷത്തിലെ ചെറുപുഷ്പ മിഷൻലീഗിന്റെ ആപ്തവാക്യം?

**ചേരുംപടി ചേർക്കുക** **5**

21. പാവപ്പെട്ടവന്റെ സമുദ്ധാരണം - ഫാ. ഡാമിയൻ

22. ദളിതരുടെ ഉന്നമനം - വി. അന്തോനീസ്

23. സഹനത്തിന്റെ പ്രേഷിത - വി. വിൻസന്റ് ഡി പോൾ

24. കുഷ്ടരോഗികളുടെ ഉന്നമനം - വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ

25. ഏകാന്ത തപസ്സ് - വാ. മറിയം ത്രേസ്യ

**ബൈബിളിൽ നിന്നും ഉദ്ധരിക്കുക** **4**

26. യേശുവിന്റെ അമ്മയും സഹോദരരും ആരാണെന്ന് വ്യക്തമാക്കുന്ന തിരുവചനം വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് (ലൂക്ക 8:21).

27. അൽഫോൻസാമ്മയ്ക്ക് രോഗാവസ്ഥയിൽ ആത്മധൈര്യം പകർന്നു നല്കിയ തിരുവചനം പി. പൗലോസ് ശ്ലീഹ തിമോത്തെയോസിന് എഴുതിയ രണ്ടാം ലേഖനത്തിൽ നിന്ന് (2തിമോ 3:12).

**ഉത്തരം എഴുതുക**

28. സഭ തന്റെ പ്രേഷിതപ്രവർത്തനദൗത്യം നിറവേറ്റുന്നത് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ്? **2**

29. ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ പ്രധാനലക്ഷ്യമെന്ത്? **2**

30. ജീവകാരുണ്യപ്രവർത്തനം എന്നാലെന്ത്? **2**

31. ഷിമോഗയിൽ നിന്ന് കുടിയിറക്കപ്പെട്ടവരെ സഹായിക്കാൻ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ നേതൃത്വത്തിൽ തലശ്ശേരി രൂപത കൈക്കൊണ്ട നടപടികൾ എന്തെല്ലാം? **3**

32. വചനാനുസൃതം ജീവിച്ച വിശുദ്ധാത്മാക്കളുടെ ജീവിത മാതൃകയനുസരിച്ച് വിശുദ്ധരുടെ ഗണത്തിൽ ചേരാൻ നിങ്ങൾ എന്തെല്ലാം ചെയ്യും? **3**

33. കുട്ടികളിൽ ലഹരിവിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിനായി നമ്മുടെ അതിരൂപതയിൽ സ്ഥാപിതമായ സംഘടനയേത്? അതിന്റെ പ്രവർത്തനങ്ങളോട് നിങ്ങൾ എങ്ങിനെയെല്ലാം സഹകരിക്കും? **3**

34. സമഗ്രവിമോചകനായ യേശുവിന്റെ മാതൃകയനുസരിച്ച് മനുഷ്യന്റെ സമഗ്രവിമോചനത്തിനുവേണ്ടി സഭ ചെയ്യുന്ന പ്രവർത്തനങ്ങളിൽ നിങ്ങൾക്ക് എങ്ങിനെയെല്ലാം സഹകരിക്കാൻ കഴിയും? **4**